# KERALA AQUATIC ASSOCIATION

State Unit of Swimming Federation of India

Recognised by Kerala State Sports Council & Affiliated to Kerala Olympic Association

| Hony. Life President | President | Hony. Secretary | Hony. Treasurer |
|---|---|---|---|
| M. Vijayakumar (Former Minister) | S. Rajiv | T.S. Muraleedharan | Muhammed Ali P.P |
| | (M) +919847720033 | (M) +919447219983 | (M) +919447841066 |

**No. KAA/WPC/010/2025** 08-12-2025

## <u>സർക്കുലർ</u>

സംസ്ഥാനത്ത് വാട്ടർപോളോ വിഭാഗത്തിന് എല്ലാ ജില്ലകളിലും കൂടുതൽ പ്രാതിനിധ്യം ഉണ്ടാകുവാനും അതുവഴി കൂടുതൽ കളിക്കാരെ വാർത്തെടുക്കുവാനും യോഗ്യരായ വാട്ടർപോളോ ഒഫീഷ്യൽസിനെയും പരിശീലകരെയും കണ്ടെത്തുവാനുമായി കേരള അക്വാട്ടിക് അസോസിയേഷൻ നീന്തൽ / വാട്ടർപോളോ ഇനങ്ങളിൽ മുൻ പരിചയമുള്ള പുരുഷന്മാർക്കും വനിതകൾക്കും ദ്വിദിന പരിശീലന ക്ലിനിക് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. 20 വയസ്സിനുമേൽ പ്രായമുള്ള നീന്തൽ / വാട്ടർപോളോയിൽ മുൻ പരിചയമുള്ള സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്നുള്ള വ്യക്തികൾക്ക് ഈ ക്ലിനിക്കിൽ പങ്കെടുക്കാവുന്നതാണ്. വാട്ടർപോളോ ഇനത്തിൽ നിലവിൽ വന്നിരിക്കുന്ന നിയമങ്ങളുടെ മാറ്റങ്ങളും അവ പ്രായോഗികമായി ഉപയോഗിക്കേണ്ട രീതി ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് പരിചയസമ്പന്നരായ ഇൻസ്ട്രക്ടർമാർ ക്ലാസുകൾ എടുക്കും. അതോടൊപ്പം കളിക്കാരെ കണ്ടെത്തുന്നതിനും അവരെ പരിശീലിപ്പിക്കുന്നതിലേക്കുമുള്ള വിഷയങ്ങളും ക്ലിനിക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം പിരപ്പൻകോട് അന്താരാഷ്ട്ര നീന്തൽ സമുച്ചയത്തിൽ **ജനുവരി 3, 4** തീയതികളിലായിരിക്കും ക്ലിനിക് സംഘടിപ്പിക്കുന്നത്. തിയറി ക്ലാസ്സുകളോടൊപ്പം പ്രാക്ടിക്കൽ സെക്ഷനും ക്ലിനിക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ ദൂര വ്യാപകമായ സാധ്യതകൾ കാണുന്ന ഈ ക്ലിനിക്കിൽ എല്ലാ ജില്ലകളുടെയും പ്രാതിനിധ്യം പ്രതീക്ഷിക്കുന്നു. ജില്ലകളിൽ നിന്നും കുറഞ്ഞത് 5 മുൻ പരിചയമുള്ള നീന്തൽ / വാട്ടർപോളോ കളിക്കാർ ഇതിൽ പങ്കെടുക്കേണ്ടതാണ്. ക്ലിനിക്കിന് പുറമെ വാട്ടർപോളോയുടെ പുതിയ നിയമങ്ങളും പങ്കെടുക്കുന്നവർക്ക് വിതരണം ചെയ്യും. **Rs.1000/-** രൂപയാണ് ക്ലിനിക്കിന്റെ രജിസ്ട്രേഷൻ ഫീസ്.

പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ചുവടെ കൊടുത്തിട്ടുള്ള ലിങ്കിൽ അപേക്ഷിക്കാവുന്നതാണ്.

https://forms.gle/zbayxhZWp6EntZWg8

പങ്കെടുക്കുന്നവർക്കുള്ള താമസവും ഭക്ഷണവും വ്യക്തികൾ തന്നെ കണ്ടെത്തണം

**ടി. എസ്. മുരളീധരൻ**
**ജനറൽ സെക്രട്ടറി**
**Ph. No. 9447219983**
**Office No. 8547470433**

KERALA AQUATIC ASSOCIATION TRIVANDRUM

"Karthika", CRA 337 (Ground floor), Choozhampala, Mukkolakkal Post, Thiruvananthapuram – 695043

+918547470433 keralaaquatics@gmail.com http://keralaaquaticassociation.org